പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3601 23.06.2014-ൽ മറുപടിയ്ക്ക്

## വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂരിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ സ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂരിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ സ്പോർട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂരിൽ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുന്നതിനായി പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ സ്മൈൽ പദ്ധതി പ്രകാരം കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സംസ്ഥാനതല സമിതി മുമ്പാകെ പെരുവള്ളൂർ കളിസ്ഥല പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും, ഫണ്ടിന്റെ പരിമിതികാരണം തിരഞ്ഞെടുക്കപ്പെട്ടില്ല. |
| (ബി) | ടി സ്ഥലം കൃഷിഭൂമിയാണെന്ന കാരണം പറഞ്ഞ് പഞ്ചായത്തിന് അനുമതി നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | നാളിതുവരെ കൃഷിയാവശ്യത്തിനായി ഉപയോഗിച്ചിട്ടില്ലാത്തതും വർഷങ്ങളായി കുട്ടികൾ കളിസ്ഥലമായി മാത്രം ഉപയോഗിച്ചുവരുന്നതുമായ ഈ സ്ഥലം അവരുടെ കളിസ്ഥലമായി പ്രഖ്യാപിക്കുവാൻ സർക്കാർ അനുമതി നൽകുമോ ? | (സി) | വള്ളിക്കുന്ന് പെരുവള്ളൂർ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന് തന്നെ കളിസ്ഥലമായി പ്രഖ്യാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ